**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 177** **16-03-2022 - ൽ മറുപടിയ്ക്ക്**

**ഗുണ്ടാ ആക്രമണങ്ങളും രാഷ്ട്രീയ കൊലപാതകങ്ങളും തടയാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കുറുക്കോളി മൊയ്തീൻ,<br>പ്രൊഫ . ആബിദ് ഹുസൈൻ തങ്ങൾ ,<br>ശ്രീ .പി. കെ. ബഷീർ ,<br>ശ്രീ. അബ്ദുൽ ഹമീദ് പി | | null<br>(മുഖ്യമന്ത്രി) | |
| (എ) | കേന്ദ്ര, സംസ്ഥാന രഹസ്യാന്വേഷണ വിഭാഗങ്ങൾ നൽകുന്ന മുന്നറിയിപ്പുകൾ അവഗണിക്കുന്നതാണ് സംസ്ഥാനത്ത് തുടരെയുണ്ടാകുന്നതായി പറയപ്പെടുന്ന രാഷ്ട്രീയ കൊലപാതകങ്ങൾക്കും ഗുണ്ടാ ആക്രമണങ്ങൾക്കും കാരണം എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിശോധിച്ചിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. കേന്ദ്ര സംസ്ഥാന രഹസ്യാന്വേഷണ വിഭാഗങ്ങളിൽ നിന്നും ലഭിക്കുന്ന വിവിധ വിഷയങ്ങൾ സംബന്ധിച്ച മുന്നറിയിപ്പുകളിന്മേൽ ആവശ്യമായ മുൻകരുതൽ നടപടികൾ സ്വീകരിച്ചു വരുന്നു. കൂടാതെ ഇക്കാര്യത്തിൽ ശക്തമായ നടപടികൾ സ്വീകരിക്കുവാനായി ബന്ധപ്പെട്ട പോലീസ് മേധാവിമാർക്ക് നിർദ്ദേശം നൽകി വരുന്നു. |
| (ബി) | ഇത്തരം കൊലപാതകങ്ങളെ ആസൂത്രണ ഘട്ടത്തിൽ തന്നെ കണ്ടെത്തി തടയുന്നതിന് രഹസ്യാന്വേഷണ വിഭാഗം പരാജയപ്പെടുന്നുവെന്ന റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. രാഷ്ട്രീയ കൊലപാതകങ്ങളെക്കുറിച്ചും മറ്റ് അക്രമ സംഭവങ്ങളെക്കുറിച്ചും രഹസ്യാന്വേഷണ വിഭാഗവും മറ്റും മുൻകൂട്ടി വിവരങ്ങൾ ശേഖരിക്കുന്നതിന്റെ ഫലമായി ലോക്കൽ പോലീസിന് ഇത്തരക്കാരെ അമർച്ച ചെയ്യുന്നതിനും കുറ്റകൃത്യങ്ങളെ കാര്യക്ഷമമായി നിയന്ത്രിക്കുന്നതിനും സാധിക്കുന്നുണ്ട്. |
| (സി) | സംഘർഷ സാധ്യത മുൻകൂട്ടി കണ്ടെത്തുന്നതിനായി പരിശോധനകൾ ശക്തമാക്കാൻ ആവശ്യമായ നിർദ്ദേശം നൽകുമോ? | (സി) | സംഘർഷ സാധ്യത മുൻകൂട്ടി കണ്ടെത്തുന്നതിനായി ഫലപ്രദമായ അന്വേഷണങ്ങൾ പോലീസ് ഇന്റലിജൻസ് വിഭാഗം നടത്തി വരുന്നുണ്ട്. ഇത്തരത്തിൽ ലഭിക്കുന്ന രഹസ്യാന്വേഷണ വിവരങ്ങളുടെ അടിസ്ഥാനത്തിൽ ആവശ്യമായ മുൻകരുതൽ നടപടികൾ സ്വീകരിക്കുവാൻ ജില്ലാ പോലീസ് മേധാവിമാർക്കും സോണൽ/ റേഞ്ച് തല ഉന്നത പോലീസ് ഉദ്യോഗസ്ഥർക്കും നിർദ്ദേശം നൽകി വരുന്നുണ്ട്. KAPPA നിയമ പ്രകാരം 18.12.2021 മുതൽ 09.03.2022 വരെ അറസ്റ്റ് ചെയ്തിട്ടുള്ളവരുടെ വിവരങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

അനുബന്ധം.

| ACTION TAKEN AGAINST ANTISOCIALS/ROWDIES & GOONDAS FROM 18.12.2021 TO 09.03.2022 | | | | | | |
|---|---|---|---|---|---|---|
| No of 107 CrPC proceedings initiated | No of orders obtained under 107 CrPC | No of KAAPA S 3 proceedings initiated | No of KAAPA S 15 proceedings initiated | No of History sheet opened | No of un arrested accused persons involved in previously reported body offences arrested | No of bail cancelled. |
| **1506** | **281** | **107** | **88** | **1186** | **2685** | **53** |

സെക്ഷൻ ഓഫീസർ